പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5383 23.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യെ മെച്ചപ്പെടുത്താൻ നടപടി

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി
" വി. കെ. സി. മമ്മത് കോയ
" എൻ. വിജയൻ പിള്ള
" കെ.കുഞ്ഞിരാമൻ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ബസുകളുടെ പ്രതിദിന ശരാശരി കിലോമീറ്റർ, മൈലേജ്, കിലോമീറ്റർ കളക്ഷൻ എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് വാഹന നിർമ്മാതാക്കളുടെയും പെട്രോളിയം കൺസർവേഷൻ & റിസർച്ച് അസോസിയേഷന്റെയും (PCRA) ആഭിമുഖ്യത്തിൽ തുടർച്ചയായി പരിശീലനം നല്കിവരുന്നു. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും അതിലുപരി ഒരു അസി. വർക്സ് മാനേജരെ പ്രത്യേകം ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി 100 രൂപ പ്രതിദിന ഇൻസെന്റീവ് നല്കുന്നുണ്ട്. ഓഫ്-റോഡ് നിരക്ക് നിയന്ത്രിക്കുന്നതിനായി മൊത്തം ഡിപ്പോകളെ എട്ടായി തിരിച്ച് ഓരോ മേഖലയ്ക്കും പ്രത്യേകം അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ അഞ്ച് മേഖലാ വർക്ക്ഷോപ്പുകളിൽ നിന്ന് ദൈനംദിന ഓഫ്-റോഡ് നിരക്ക് വിശകലനം ചെയ്ത് സ്പെയർ പാർട്ട്സുകളുടെയും ബസുകളുടെയും ലഭ്യത പ്രതിദിനം ഉറപ്പുവരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അതോടൊപ്പം ബസുകളുടെ ബ്രേക്ക് ഡൗൺ റേറ്റ്, മെയിന്റനൻസ് സമയം, അപകട നിരക്ക് എന്നിവ കുറച്ചുകൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 1326 പുതിയ ബസുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ജൻറം പദ്ധതിയിൽപ്പെട്ട 314 ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്. ബസുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ച് വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. ഇതുവഴി ഓഫ്-റോഡ് നിരക്ക്, ബ്രേക്ക് ഡൗൺ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ബസുകളുടെ മെയിന്റനൻസ് മെച്ചപ്പെടുത്തുന്നതിനായി മെക്കാനിക്കുകൾ, ചാർജ്മാൻ, അസി. ഡിപ്പോ എഞ്ചിനീയർമാർ എന്നിവർക്ക് വിദഗ്ധ പരിശീലനം നൽകി വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും അപകട നിരക്ക് കുറയ്ക്കുന്നതിന്റെയും ഭാഗമായി കെ.എസ്.ആർ.ടി.സി ഡ്രൈവർമാരെ വാഹന നിർമ്മാതാക്കളുടെയും പെട്രോളിയം കൺസർവേഷൻ & റിസർച്ച് അസോസിയേഷന്റെയും (PCRA) ആഭിമുഖ്യത്തിൽ തുടർച്ചയായി പരിശീലനം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ